1994 ജൂലൈ 26-ാം തീയതി സഭ മുൻപാകെ വരുന്ന '1994-ലെ കേരള ധനകാര്യബില്‍ ബന്ധപ്പെട്ട സബ്ജക്ട് കമ്മിററിക്ക് അയയ്ക്കണമെന്നുള്ള പ്രമേയത്തിനുള്ള ഭേദഗതി നോട്ടീസുകൾ 1994 ജൂലൈ മാസം 23-ാം തീയതി രാവിലെ 11 മണിവരെ സ്വീകരിക്കുന്നതാണ്. ഒരു റൂളിംഗ് ബാക്കി ഉണ്ടായിരുന്നു.

## X റൂളിംഗ്

### 19-7-1994-നു ശ്രീ. വി.ജെ. തങ്കപ്പൻ അവതരിപ്പിച്ച ക്രമപ്രശ്നം സംബന്ധിച്ച്

മി. സ്പീക്കർ : ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം കേരള ഖാദി ബോർഡ് രണ്ടുപ്രാവശ്യം പുന:സംഘടിപ്പിച്ചെങ്കിലും 1957-ലെ കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് ആക്ടിലെ 4 എ വകുപ്പ് അനുശാസിക്കുന്ന പ്രകാരം ബോർഡ് പുന:സംഘടിപ്പിക്കുമ്പോൾ അതിൻെറ സാഹചര്യം വിജ്ഞാപനത്തിൽ പറയണമെന്നും അതിൻെറ പകർപ്പ് നിയമസഭയുടെ അടുത്ത സമ്മേളനത്തിൽ മേശപ്പുറത്തുവയ്ക്കണമെന്നും സഭയുടെ അംഗീകാരം വാങ്ങണമെന്നും ഉള്ള വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ലെന്ന് ജൂലായ് 19-ാം തീയതി ഇവിടെ ശ്രീ. വി. ജെ. തങ്കപ്പൻ ചൂണ്ടിക്കാണിക്കുകയുണ്ടായി.

ചെയർ ബന്ധപ്പെട്ട ആക്ടിൻെറ പ്രസക്ത വകുപ്പു പരിശോധിച്ചു. 4 എ വകുപ്പനുസരിച്ച് പുറപ്പെടുവിക്കുന്ന നോട്ടിഫിക്കേഷൻെറ കോപ്പി മേശപ്പുറത്തു വയ്ക്കണം എന്നതു ശരിയാണ്. പക്ഷെ ഇതു സംബന്ധിച്ച് സഭയുടെ അംഗീകാരം വാങ്ങണമെന്ന് ഒരു പോസിററീവ് റെസലൂഷൻ പാസ്സാക്കണമെന്ന് ആക്ടിൽ വ്യവസ്ഥ ചെയ്യുന്നില്ല. എന്നാൽ മേശപ്പുറത്തുവയ്ക്കുന്ന നോട്ടിഫിക്കേഷൻ ഭേദഗതി ചെയ്യുവാനോ വേണ്ടെന്നു വയ്ക്കുവാനോ സഭയ്ക്കധികാരം നൽകുന്നുണ്ട്. ഈ വ്യവസ്ഥയും സഭയുടെ അംഗീകാരം വാങ്ങണമെന്ന വ്യവസ്ഥയും വ്യത്യസ്തമാണ്.

കടലാസ്സുകൾ മേശപ്പുറത്തു വയ്ക്കുന്നതു സംബന്ധിച്ച് ചെയർ ഇതിനു മുൻപ് പല റൂളിംഗുകളും നൽകിയിട്ടുണ്ട്. കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുവാൻ കാലതാമസം ഉണ്ടാകരുതെന്നും ഒഴിവാക്കാൻ പാടില്ലാത്ത സാഹചര്യങ്ങളിൽ എന്തെങ്കിലും കാലതാമസം ഉണ്ടായാൽ അതിനുള്ള കാരണം കാണിക്കുന്ന സ്റേററ്മെൻറ് കൂടി വയ്ക്കണമെന്നും ചെയർ റൂൾ ചെയ്തിട്ടുണ്ട്. കാരണം കാണിക്കൽ വെറും perfunctory ആക്കിത്തീർക്കരുതെന്നും സഭയ്ക്കു ബോദ്ധ്യപ്പെടത്തക്ക രീതിയിൽ കാരണം കാണിക്കണമെന്നും പ്രസ്തുത റൂളിംഗിൽ ചെയർ പ്രത്യേകം ചൂണ്ടി കാണിച്ചിട്ടുണ്ട്.

എസ്.ആർ.ഒ.കൾ സഭയുടെ അറിവിനുവേണ്ടി മാത്രമല്ല അവയിലെ ഉത്തരവുകളോ ചട്ടങ്ങളോ വേണ്ടെന്നു വയ്ക്കുവാനോ ഭേദഗതി ചെയ്യുവാനോ ഉള്ള സഭയുടെ അവകാശം പ്രയോഗിക്കുന്നതിനും കൂടിയാണ് അവ മേശപ്പുറത്തുവയ്ക്കുന്നത്. ആയതിനാൽ കാലതാമസം കൂടാതെ എസ്.ആർ.ഒ. മേശപ്പുറത്തു വയ്ക്കേണ്ടത് ഒഴിച്ചുകൂടാൻ പാടില്ലാത്ത കാര്യമാണ്. ഗവൺമെൻറ് ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കണം. ആക്ടിലെ വ്യവസ്ഥയനുസരിച്ച് എസ്.ആർ.ഒ. മേശപ്പുറത്തു വയ്ക്കുന്നുണ്ടോ എന്ന് സഭ വാച്ചു ചെയ്യുന്നതിനെക്കാൾ നല്ലത് തങ്ങളുടെ കർത്തവ്യം യഥാസമയം

LIBRARY ARCHIVES Kerala Legislative Assembly

നിർവ്വഹിച്ചുകൊണ്ട് ഗവൺമെൻറുതന്നെ അത് മേശപ്പുറത്തു വയ്ക്കുന്നതാണ്. ഇക്കാര്യത്തിൽ വീഴ്ച വരാതിരിക്കുവാൻ മുൻകരുതലെടുക്കുന്നതിനെപ്പററി ഏഴാം കേരള നിയമസഭയുടെ സബോർഡിനേററ് ലജിസ്ലേഷൻ കമ്മിററി 1986 മാർച്ച് 26-ാം തീയതി സമർപ്പിച്ച അതിൻെറ പതിനഞ്ചാമത് റിപ്പോർട്ടിൽ വിശദമായ നിർദ്ദേശങ്ങൾ വച്ചിരുന്നു. ഇത് കുററമററ ഒരു നടപടിക്രമമാണ്. ഇതനുസരിച്ച് പ്രവർത്തിച്ചിരുന്നെങ്കിൽ നോട്ടിഫിക്കേഷനുകൾ യഥാസമയം മേശപ്പുറത്ത് വയ്ക്കുന്നതിൽ വീഴ്ച വരുമായിരുന്നില്ല. ആയതിനാൽ ഇനിമേൽ പ്രസ്തുത നിർദ്ദേശങ്ങൾ നിഷ്കർഷാപൂർവ്വം പ്രായോഗികമാക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു. എസ്.ആർ.ഒ. നോട്ടിഫിക്കേഷനുകൾ മേശപ്പുറത്തു വയ്ക്കുന്നതു സംബന്ധിച്ച് മേലിൽ കാലവിളംബം ഉണ്ടാവുകയില്ലെന്ന് ചെയർ പ്രത്യാശിക്കുന്നു.

അതോടൊപ്പംതന്നെ മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകളെ സംബന്ധിച്ച് പരിശോധിക്കുന്നതിന് ഒരു കമ്മിററി രൂപീകരിക്കുന്ന കാര്യവും റൂൾസ് കമ്മിററിയുടെ പരിഗണനയിൽ ഉണ്ടെന്ന കാര്യം കൂടി സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(25-7-1994 രാവിലെ 8.30-ന് മ്മളിക്കുന്നതിനായി സഭ ഉച്ചയ്ക്ക 12.25-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly